# എബ്രായലേഖനത്തിന്റെ ജീവ-പഠനം

### ദൂത് അമ്പത്തഞ്ച്

## സഭാജീവതത്തിനുവേണ്ടിയുള്ള പ്രായോഗികമായ നന്മകൾ

പ്രത്യക്ഷത്തിൽ, എബ്രായലേഖനം സഭയെന്ന വിഷയം സ്പർശിക്കുന്നില്ല. വാസ്തവത്തിൽ, സഭ ദൈവത്തിന്റെ വ്യവസ്ഥയുടെ പരിണതിയായതുകൊണ്ട് അത് തികച്ചും സഭയ്ക്കുവേണ്ടിയാണ്. തന്റെ ഉയർത്തപ്പെട്ട മനുഷ്യത്വത്തോടുകൂടെ, ഉയിർത്തെഴുന്നേറ്റ ക്രിസ്തു സഭയ്ക്കുവേണ്ടിയാണെന്ന് എബ്രായർ 2-ൽ നാം വ്യക്തമായി കാണുന്നു. 2:12 പ്രകാരം തന്റെ പുനരുത്ഥാനത്തിനുശേഷം ക്രിസ്തു തന്റെ സഹോദരന്മാരുടെ അടുക്കലേക്ക് മടങ്ങിവരുകയും, സഭാമധ്യേ പിതാവിന് സ്തുതിഗീതങ്ങൾ പാടുകയും ചെയ്തു. ഈ വാക്യത്തിൽ വളരെ ആഴമായ രീതിയിൽ വ്യക്തമായും നിശ്ചിതമായും സഭയെ പ്രതിപാദിച്ചിരിക്കുന്നു. ഇതിനാൽ എബ്രായലേഖനം ക്രിസ്തുവിനെക്കുറിച്ച് മാത്രമുള്ള ഒരു പുസ്തകമല്ലെന്ന് നാം കാണുന്നു; അത് സഭയ്ക്കുവേണ്ടി ക്രിസ്തുവിനെ സംബന്ധിച്ച ഒരു പുസ്തകമാണ്.

നമ്മുടെ സ്വന്ത കൂടിവരവിനെ ഉപേക്ഷിക്കരുതെന്ന് എബ്രായർ 10:25 പറയുന്നു. ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, വിശുദ്ധന്മാരുമായി എബ്രായ വിശ്വാസികൾ ഒരുമിച്ചു കൂടിവരാതിരിക്കുന്നത് അവർ പുതിയ ഉടമ്പടിയുടെ വഴി ഉപേക്ഷിച്ചിരുന്നു എന്നാണ് അർഥമാക്കിയത്. പുരാതന കാലങ്ങളിൽ വിശ്വാസികൾ ഒരുമിച്ചു കൂടിവന്നപ്പോൾ ആ കൂടിവരുവായിരുന്നു പ്രായോഗികവും യഥാർഥവുമായ സഭ.

നാം കണ്ടതുപോലെ, 12:18-24-ൽ പഴയ ഉടമ്പടിയുടെ കാഴ്ചയും പുതിയ ഉടമ്പടിയുടെ ദൃശ്യവും തമ്മിൽ നമുക്ക് ഒരു വൈരുദ്ധ്യമുണ്ട്. പുതിയ ഉടമ്പടിയുടെ ദൃശ്യത്തിൽ നമുക്ക് സീയോൻ പർവതവും, ദൈവത്തിന്റെ വിശുദ്ധനഗരവും, ആഘോഷിക്കുന്ന ദൂതന്മാരുടെ സംഘവും, ആദ്യജാതന്മാരുടെ സഭയും ഉണ്ട്. സഭ ഈ ദൃശ്യത്തിന്റെ കേന്ദ്രമാണ്. സഭയെ പരാമർശിച്ചതിനുശേഷം, നമുക്ക് നീതീകരിക്കുന്ന ദൈവവും,

പുരാതന വിശുദ്ധന്മാരുടെ നീതീകരിക്കപ്പെട്ട ആത്മാക്കളും, ഹാബേലിന്റെ രക്തത്തെക്കാൾ മേന്മയേറിയത് സംസാരിക്കുന്ന തന്റെ വിലയേറിയ രക്തത്തോടുകൂടെ മേന്മയേറിയ ഉടമ്പടിയുടെ മധ്യസ്ഥനായ യേശുവും ഉണ്ട്. പുതിയ ഉടമ്പടിയുടെ ദൃശ്യത്തിന്റെ ദൃഷ്ടികേന്ദ്രമാണ് സഭയെന്ന് നാം ഇതിലൂടെ കാണുന്നു.

ഈ ദൂതിൽ നാം പതിമൂന്നാം അധ്യായത്തിലേക്കു വരുന്നു. ഈ അധ്യായത്തിൽ സഭ എന്ന പദം ഇല്ലെങ്കിലും, മുഴുവൻ അധ്യായവും സഭാജീവിതത്തെ സംബന്ധിച്ചാണ്. ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്ന ക്രിസ്താനുഭവങ്ങളും (വാ. 8-15) പ്രായോഗികമായ പത്തു നന്മകളും (വാ. 1-7, 16-19) സഭയ്ക്കുവേണ്ടിയാണ്. സഹോദരസ്നേഹം, അതിഥിസൽക്കാരം എന്നിവപോലെ 1 മുതൽ 7 വരെയും 16 മുതൽ 19 വരെയുമുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന ഏകദേശമെല്ലാം ക്രിസ്തീയജീവിതത്തിനുവേണ്ടി മാത്രമല്ല, സഭയ്ക്കുവേണ്ടിയുമാണ്. നമുക്ക് ശരിയായ സഭാജീവിതം ഉണ്ടായിരിക്കണമെങ്കിൽ ഈ പത്തു നന്മകളും ഉണ്ടായിരിക്കണം. ഇവ ഓരോന്നായി നമുക്ക് പരിശോധിക്കാം.

## I. സഹോദരസ്നേഹം

വാക്യം 1 പറയുന്നു, "സഹോദരസ്നേഹം തുടരട്ടെ." സഹോദരസ്നേഹം സഭാജീവിതത്തിനു വേണ്ടിയല്ലെന്ന് ആർക്കും പറയുവാൻ കഴിയുകയില്ല. നാം സഭാജീവിതത്തിലല്ലായിരുന്നെങ്കിൽ, നമുക്ക് സഹോദരസ്നേഹത്തിന്റെ ആവശ്യം ഉണ്ടാകുമായിരുന്നില്ല, കാരണം നാം ഓരോരുത്തരും മറ്റുള്ളവരിൽനിന്ന് അകന്നവരും അന്യോന്യം സ്നേഹിക്കേണ്ട ആവശ്യമില്ലാത്തവരും ആകുമായിരുന്നു. എന്നാൽ നാം ഒരുമിച്ചു കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നതുകൊണ്ട്, നമുക്ക് സഹോദരസ്നേഹം തുടരേണ്ട ആവശ്യമുണ്ട്.

ഓരോ സ്ഥലം സഭയും ഒരു മധുവിധുവിന്റെ സമയത്തിലൂടെ കടന്നുപോകുന്നു. അമേരിക്കയിലെയും കാനഡയിലെയും എല്ലാ സ്ഥലം സഭകളും അവരുടെ മധുവിധുവിലൂടെ കടന്നുപോയി എന്നു ഞാൻ വിശ്വസിക്കുന്നു. മധുവിധു കഴിഞ്ഞാൽ, പുതുതായി വിവാഹംകഴിഞ്ഞ ദമ്പതികൾ തമ്മിൽ ഒടുവിൽ ഒരു എതിരിടൽ ഉണ്ടായിരിക്കും. വിവാഹിതരായി തുടരേണ്ടതിന്, നമുക്ക് വിവാഹസ്നേഹം ഉണ്ടായിരിക്കണം. സഭയിൽ നമുക്കു വേണ്ടത് സഹോദരസ്നേഹവും, നമ്മുടെ കുടുംബങ്ങളിൽ നമുക്കു വേണ്ടത് വിവാഹസ്നേഹവുമാണ്.

1 കൊരിന്ത്യർ 13:13 പറയുന്നു, "വിശ്വാസം, പ്രത്യാശ, സ്നേഹം, ഇവ മൂന്നും നിലനിൽക്കുന്നു; ഇവയിൽ ഏറ്റവും വലിയതോ സ്നേഹം തന്നെ." ഈ വാക്യമനുസരിച്ച് സ്നേഹമാണ് ഏറ്റവും വലിയ നന്മ. ഇതാണ് ഏറ്റവും അതിശ്രേഷ്ഠമായ മാർഗവും (1 കൊരി. 12:31). ഏറ്റവും അതിശ്രേഷ്ഠമായ മാർഗം വരങ്ങളുടെയോ

ഉപദേശങ്ങളുടെയോ മാർഗമല്ല, സ്നേഹത്തിന്റെ മാർഗമാണ്. സ്നേഹമാണ് ഏറ്റവും അതിശ്രേഷ്ഠമായ മാർഗം, കാരണം അത് ജീവന്റെ ആവിഷ്കാരമാണ് (1 കൊരി. 13:1). ജീവൻ മറ്റൊരു രൂപത്തിൽ പ്രത്യക്ഷപ്പെടുന്നതാണ് സ്നേഹം. 1 കൊരിന്ത്യർ 8:1-ൽ പൗലൊസ് പറയുന്നു, "അറിവ് ചീർപ്പിക്കുന്നു എന്നാൽ സ്നേഹം കെട്ടുപണി ചെയ്യുന്നു." നാം ചേർത്തു പണിയപ്പെടണമെങ്കിൽ നമുക്ക് സഹോദരസ്നേഹം ഉണ്ടായിരിക്കണം.

## II. അതിഥിസൽക്കാരം

വാക്യം 2 പറയുന്നു, "അതിഥിസൽക്കാരം മറക്കരുത്, ഇതിലൂടെ ചിലർ, അതറിയാതെ, ദൂതന്മാരെ സൽക്കരിച്ചിട്ടുണ്ടല്ലോ." കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ഇന്ന് സഭാജീവിതത്തിൽ നമുക്ക് എത്രമാത്രം അതിഥിസൽക്കാരം ആവശ്യമായിരിക്കുന്നു! ഈ രാജ്യത്തിൽ കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ ആരംഭംമുതൽ അതിഥിസൽക്കാരം കർത്താവിന്റെ സാക്ഷ്യത്തെ എത്രമാത്രം കെട്ടുപണി ചെയ്തിരിക്കുന്നുവെന്ന് ആർക്കും കണക്കുകൂട്ടുവാൻ കഴിയുകയില്ല. അതിഥിസൽക്കാരം വാസ്തവമായും ആത്മികവർദ്ധന വരുത്തുന്നു. അത് വളരെയധികം പുതിയ രക്തം ശരീരത്തിന്റെ കൂട്ടായ്മയിലേക്കു കൊണ്ടുവരുന്നു. ഇതിനുവേണ്ടി നാം കർത്താവിന് എത്രമാത്രം നന്ദി പറയുന്നു! അതിഥിസൽക്കാരം പിൻപറ്റണമെന്ന് റോമർ 12:13-ൽ നമ്മോടു പറയുകയും, അതിഥി പ്രിയരായിരിക്കണമെന്ന് 1 തിമൊഥെയൊസ് 3:2-ലും, തീത്തൊസ് 1:8-ലും, 1 പത്രൊസ് 4:9-ലും നമ്മെ പ്രബോധിപ്പിക്കുകയും ചെയ്തിരിക്കുന്നു. നമ്മുടെ ഇടയിൽ സഹോദരസ്നേഹം തുടരുകയും, അതിഥിസൽക്കാരം മറന്നുപോകാതിരിക്കുകയും വേണം.

## III. കഷ്ടമനുഭവിക്കുന്ന അവയവങ്ങളെ ഓർക്കുന്നത്

വാക്യം 3 പറയുന്നു, "തടവിലായിരിക്കുന്നവരെ നിങ്ങൾ അവരോടുകൂടെ ബന്ധിക്കപ്പെട്ടിരിക്കുന്നതായും, ദ്രോഹം സഹിക്കുന്നവരെ നിങ്ങളും ശരീരത്തിൽ അങ്ങനെതന്നെ സഹിക്കുന്നതായും ഓർത്തുകൊള്ളുവിൻ." കഷ്ടമനുഭവിക്കുന്ന അവയവങ്ങളെ ഓർക്കുന്നത് നിസ്സംശയമായും സഭാജീവിതത്തിനുവേണ്ടിയാണ്. കഷ്ടമനുഭവിക്കുന്ന അവയവങ്ങളെ നാം ഓർക്കുന്നുവെങ്കിൽ, അത് അർഥമാക്കുന്നത് നാം ശരീരത്തിൽ ജീവിക്കുന്നുവെന്നും ശരീരബോധം ഉണ്ടെന്നുമാണ്. ഒരു അവയവം കഷ്ടമനുഭവിക്കുമ്പോൾ, എല്ലാ അവയവങ്ങൾക്കും ആ അവബോധം ഉണ്ടാകുകയും അവനോടുകൂടെ കഷ്ടം അനുഭവിക്കുകയും ചെയ്യുന്നു (1 കൊരി. 12:26). ഇതാണ് ശരീരജീവിതം. ഇക്കാരണത്താൽ, കഷ്ടമനുഭവിക്കുന്നവരെ ഓർക്കുന്നത് സഭാജീവിതത്തിൽ, ശരീരത്തിലുള്ള ഒരു പ്രവർത്തനമാണ്.

Mon

## IV. വിവാഹം മാന്യമായി പിടിച്ചുകൊള്ളുന്നത്

വാക്യം 4 പറയുന്നു, "വിവാഹം എല്ലാവരുടെയും ഇടയിൽ മാന്യവും കിടക്ക മലിനപ്പെടാത്തതും ആയിരിക്കട്ടെ; എന്തെന്നാൽ പരസംഗക്കാരെയും വ്യഭിചാരികളെയും ദൈവം ന്യായം വിധിക്കും." പ്രത്യക്ഷത്തിൽ ഇത് സഭാജീവിതത്തോടു ബന്ധമില്ലാത്തതാണ്. എന്നാൽ സഭാജീവിതത്തിൽ വിവാഹം വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. ഒരു സഭ പൂർണ്ണാരോഗ്യമുള്ളതാണോ, അതോ അതിന്റെ മൂലകവും സാരാംശവും നഷ്ടപ്പെടുന്നുവോ എന്നത് വളരെയധികം വിവാഹജീവിതത്തെ ആശ്രയിച്ചിരിക്കുന്നു. വിവാഹത്തിന്റെ വിഷയം ഒരു നിസ്സാര കാര്യമെന്ന് കരുതരുത്. അതിനെ നാം മാന്യമായി പിടിച്ചുകൊള്ളണം. ഇത് അർഥമാക്കുന്നത് "ഈ വിഷയത്തിൽ ആരും അതിരുകടന്ന് തന്റെ സഹോദരനെ മുതലെടുക്കാതിരിക്കേണ്ടതിന്" (1 തെസ്സ. 4:6), നാം നമ്മുടെ പാത്രമായ നമ്മുടെ ശരീരത്തെ വിശുദ്ധീകരണത്തിലും മാനത്തിലും കൈവശമാക്കണം (1 തെസ്സ. 4:3, 4) എന്നാണ്. സഭാജീവിതത്തിൽ സഹോദരന്മാരും സഹോദരിമാരും പരസ്പരം വിശുദ്ധമായ ഒരു രീതിയിൽ മാത്രമേ ബന്ധപ്പെടാവൂ. ഇതിന്റെ അർഥം നമ്മുടെ വിവാഹത്തെയും മറ്റുള്ളവരുടെ വിവാഹത്തെയും നാം മാന്യമായി കാത്തുകൊള്ളണമെന്നാണ്. വിവാഹത്തെ മാന്യമായി കരുതുകയെന്നാൽ നമ്മുടെ ശരീരത്തെ വിശുദ്ധീകരണത്തിലും മാനത്തിലും കൈവശമാക്കുകയും ദുർന്നടപ്പ് വിട്ടോടുകയും ചെയ്യുക എന്നാണ്.

സഭാജീവിതത്തിൽ സഹോദരന്മാരും സഹോദരിമാരും തമ്മിൽ ബന്ധപ്പെടുന്നത് ഒഴിവാക്കാൻ കഴിയുകയില്ല. ഇക്കാരണത്താൽ, മലിനതയിലേക്ക് വീഴുന്നതിൽനിന്ന് നമ്മെ സംരക്ഷിക്കുന്നതിന് നാം വിവാഹം മാന്യമായി പിടിച്ചുകൊള്ളുകയും അയഞ്ഞ രീതിയിൽ പെരുമാറാതിരിക്കുകയും വേണം. ഇത് ദൈവത്തിന്റെ വ്യവസ്ഥയിൽ നമ്മുടെ ജന്മാവകാശത്തെ ഗൗരവമായി ബാധിക്കുന്ന ഒരു വിഷയമാണ്. രൂബേൻ തന്റെ മലിനത നിമിത്തം അതിനെ നഷ്ടപ്പെടുത്തുകയും (ഉല്പ. 49:3-4; 1 ദിന. 5:1), യോസേഫ് തന്റെ നിർമ്മലത നിമിത്തം അത് സ്വീകരിക്കുകയും ചെയ്തു (1 ദിന. 5:1; ഉല്പ. 39:7-12). ദൈവം ദുർന്നടപ്പുകാരെയും വ്യഭിചാരികളെയും ന്യായംവിധിക്കും, സഭയും അവരെ ന്യായംവിധിക്കണം (1 കൊരി. 5:1-2, 11-13). ഈ മലിനതപോലെ വിശുദ്ധന്മാരെയും സഭാജീവിതത്തെയും ഇത്രയധികം നശിപ്പിക്കുന്ന മറ്റൊന്നുമില്ല.

ദൈവം ദുർന്നടപ്പുകാരെയും വ്യഭിചാരികളെയും ന്യായം വിധിക്കുമെന്ന് വാക്യം 4 പറയുന്നു. എബ്രായലേഖനം ദൈവത്തിന്റെ വിശുദ്ധിയെ സംബന്ധിച്ച് ഒരു പുസ്തകമാണ്. വിശുദ്ധനായ ദൈവം നമ്മുടെ ഇടയിലുള്ള മലിനതയെ ഒരിക്കലും സഹിക്കുകയില്ല. അവൻ തന്റെ ജനത്തെ ന്യായംവിധിക്കും (10:30; 12:23).

## V. ദ്രവ്യാഗ്രഹമില്ലാത്തവരായിരിക്കുന്നത്

വാക്യം 5 പറയുന്നു, "ഉള്ളതിൽ തൃപ്തിപ്പെട്ടുകൊണ്ട് നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രഹം ഇല്ലാത്തതായിരിക്കട്ടെ." തീർച്ചയായും ദ്രവ്യാഗ്രഹികൾക്ക് സഭാജീവിതത്തിന്റെ യാഥാർഥ്യത്തിലേക്ക് പ്രവേശിക്കുവാൻ കഴിയുകയില്ല. ഏതു ദ്രവ്യാഗ്രഹിയും ഒരു യൂദായാണ്, കർത്താവിനെയും, കർത്താവിന്റെ സാക്ഷ്യത്തെയും, സഭാജീവിതത്തെയും വഞ്ചിക്കുന്ന ഒരു ഒറ്റുകൊടുപ്പുകാരനാണ്.

ഉള്ളതിൽ തൃപ്തരായിരിക്കുവാനും വാക്യം 5 പറയുന്നു, കാരണം കർത്താവു പറഞ്ഞു, "ഞാൻ ഒരുവിധത്തിലും നിന്നെ കൈവിടുകയില്ല നിന്നെ ഉപേക്ഷിക്കുകയുമില്ല." നമുക്ക് കർത്താവുണ്ടെന്നും നമ്മുടെ ജീവിതത്തിനുവേണ്ടി കർത്താവിൽ ആശ്രയിക്കുവാൻ കഴിയുമെന്നും അറിഞ്ഞുകൊണ്ട് നമുക്കുള്ളതിലും നാം ആയിരിക്കുന്ന ഏതു സാഹചര്യത്തിലും നാം തൃപ്തരായിരിക്കണം. സഭാജീവിതത്തിൽനിന്നും മാമ്മോനാൽ വ്യതിചലിക്കപ്പെടാതിരിക്കേണ്ടതിന് നമ്മുടെ പരിതസ്ഥിതികളുമായി നാം എപ്പോഴും തൃപ്തിയുള്ളവരായിരിക്കണം. നമ്മുടെ സഹായകനായി കർത്താവ് നമുക്കുള്ളതിനാൽ, സഭാജീവിതത്തിന്റെ ആസ്വാദനത്തിൽ നാം പൂർണമായി കാക്കപ്പെടേണ്ടതിന് നാം തൃപ്തരായിരിക്കുകയും സമാധാനത്തിലായിരിക്കുകയും വേണം.

കർത്താവിന്റെ കരുണയാലും കൃപയാലും, വയസ്സനായ എനിക്ക് യുവാക്കൾക്കായി ശക്തമായ ഒരു സാക്ഷ്യവാക്ക് തരുവാൻ കഴിയും. നിങ്ങളുടെ ജീവിതത്തെക്കുറിച്ച് നിങ്ങൾ വ്യാകുലപ്പെടേണ്ട യാതൊരാവശ്യവുമില്ലെന്ന് നിങ്ങൾക്കുറപ്പു തരുവാൻ എനിക്കു കഴിയും. നമ്മുടെ ദൈവം നമ്മുടെ പിതാവാണ്, നമ്മുടെ ആവശ്യങ്ങളെല്ലാം അവൻ അറിയുന്നു. അവന്റെ ശുശ്രൂഷയ്ക്കുവേണ്ടി എന്റെ ജോലി ഉപേക്ഷിക്കുവാൻ കർത്താവ് എന്നെ നിർബന്ധിച്ച ദിവസം എനിക്ക് ഇപ്പോഴും ഓർക്കുവാൻ കഴിയും. ഏകദേശം മൂന്നാഴ്ചയോളം ഇതിനുവേണ്ടി ഞാൻ കർത്താവുമായി പോരാടുകയായിരുന്നു. അവസാന ദിവസം, ഓഗസ്റ്റ് 23, 1933, അർദ്ധരാത്രി ഞാൻ കർത്താവിന്റെ അടുക്കൽ പോയി. ആ സമയത്തിനുമുമ്പ്, നാം ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നുവെങ്കിൽ നമ്മുടെ ദൈനംദിന ജീവിതത്തിന് ആവശ്യമായതെല്ലാം കൂട്ടിച്ചേർക്കും എന്നു പറയുന്ന മത്തായി 6:33-ലെ വചനം ഞാൻ കർത്താവിൽനിന്നും സ്വീകരിച്ചിരുന്നു. പൂർണ്ണസമയ ശുശ്രൂഷയ്ക്കുവേണ്ടി ഞാൻ എന്റെ ജോലി ഉപേക്ഷിക്കുന്നത് അവന്റെ ഇഷ്ടമായിരുന്നോ എന്നതിനെക്കുറിച്ച് അവനുമായി ഒരു സമഗ്രമായ ഇടപെടൽ നടത്തുവാൻ ആ രാത്രിയിൽ ഞാൻ കർത്താവിന്റെ അടുക്കൽ പോയി. എന്നാൽ ഞാൻ അവന്റെ അടുക്കൽ പോയപ്പോൾ അവൻ

എനിക്ക് പ്രാർഥിക്കുവാൻ സമയം തന്നില്ല. മത്തായി 6-ൽനിന്ന് എനിക്ക് ഒരു വചനം തന്നുകഴിഞ്ഞു എന്നു പറഞ്ഞുകൊണ്ട് അവൻ എന്നെ ശാസിക്കുകയായിരുന്നു. കർത്താവു പറഞ്ഞു, "നീ അത് വിശ്വസിക്കുന്നുവെങ്കിൽ അതിനെ എടുക്കുക. നീ അത് വിശ്വസിക്കുന്നില്ലെങ്കിൽ മറന്നുകളയുക." കർത്താവ് എന്നെ വിട്ടുപോയെന്നും അവന്റെ സാന്നിധ്യം പൊയ്പ്പോയെന്നും പെട്ടെന്ന് എനിക്കൊരു അനുഭൂതി ഉണ്ടായി. തുടർന്നു പ്രാർഥിക്കുവാൻ എനിക്കു കഴിഞ്ഞില്ല. "കർത്താവായ യേശുവിന്റെ നാമത്തിൽ, ആമേൻ" എന്നു പറയുവാൻപോലും എനിക്കു കഴിഞ്ഞില്ല. ഞാൻ അവിടെ മുട്ടുകുത്തിയിരിക്കുമ്പോൾ ഞാൻ കരഞ്ഞുകൊണ്ടു പറഞ്ഞു, "ശരി, കർത്താവേ, ഞാൻ നിന്റെ വചനത്തെ എടുക്കുന്നു." ആ ദിവസം മുതൽ ഇന്നുവരെ എനിക്ക് യാതൊന്നിനും കുറവു വന്നിട്ടില്ല. കർത്താവ് നമ്മുടെ ആവശ്യം അറിയുന്നു. നമ്മുടെ ജീവിതത്തെക്കുറിച്ച് വ്യാകുലപ്പെടാതെ, കർത്താവിനും സഭാജീവിതത്തിനുംവേണ്ടി സകലവും ബലിയർപ്പിക്കുവാനുള്ള സമാധാനം നമുക്കുണ്ടായിരിക്കും. നാം തിരശ്ശീലയ്ക്കുള്ളിലേക്കു പ്രവേശിക്കുകയും പാളയത്തിനു പുറത്തേക്കു പോകുകയും ചെയ്യുന്നിടത്തോളം കർത്താവ് നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടി കരുതും. അവൻ നമ്മുടെ സഹായിയാണ്, അവൻ ഒരിക്കലും നമ്മെ ഉപേക്ഷിക്കുന്നില്ല. നമ്മുടെ ഉത്തരവാദിത്വം അതിവിശുദ്ധസ്ഥലത്ത് ജീവിക്കുക എന്നതാണ്. നമ്മുടെ ജീവൻ അവനിലും, നമ്മുടെ ജീവിതം അവന്റെ കരങ്ങളിലുമാണ്. അവൻ ഇത്രമാത്രം ജീവനുള്ളവനും യഥാർഥ്യവാനും ആയിരിക്കുന്നതുകൊണ്ട് അവനെ സ്തുതിക്കാം!

Tue

## VI. ദൈവവചനം ശുശ്രൂഷിക്കുന്നവരെ ഓർക്കുന്നത്

വാക്യം 7 പറയുന്നു, "നിങ്ങളോട് ദൈവവചനം സംസാരിച്ച, നിങ്ങളെ നയിക്കുന്നവരെ ഓർത്തുകൊള്ളുവിൻ; അവരുടെ നടപ്പിന്റെ ഫലം അവലോകനം ചെയ്തുകൊണ്ട്, അവരുടെ വിശ്വാസം അനുകരിക്കുവിൻ." ഇത് സഭാജീവിതത്തിൽ അത്യന്താപേക്ഷിതമാണ്. വാക്യം 7 വാക്യം 5, 6 എന്നിവയുടെ ഒരു തുടർച്ചയാണ്. അവരുടെ "നടപ്പ്" എന്നത് ഇവിടെ ദ്രവ്യാഗ്രഹമില്ലാതെ അവരുടെ പരിതസ്ഥിതികളുമായി തൃപ്തരായി ദൈവവചനം ശുശ്രൂഷിച്ചവർ പിൻപറ്റിയ നടപ്പിനെ ആയിരിക്കണം പരാമർശിക്കുന്നത്. അവരുടെ ജീവിതത്തിനുവേണ്ടിയുള്ള അവരുടെ സഹായകനായ കർത്താവിൽ അവർ ആശ്രയിച്ചു എന്ന വസ്തുതയെ ആയിരിക്കണം അവരുടെ "വിശ്വാസം" പരാമർശിക്കുന്നത്. അവർ ശുശ്രൂഷിച്ച വചനവും അവർ ജീവിച്ച ജീവിതവുമെല്ലാം ക്രിസ്തുവും, അവരുടെ വിശ്വാസം അതിന്റെ കാരണഭൂതനും തികയ്ക്കുന്നവനുമായ ക്രിസ്തുവിലുള്ള വിശ്വാസവും ആയിരിക്കണം (12:2). ഇങ്ങനെയുള്ള

ഒരു നടപ്പും ഇങ്ങനെയുള്ള ഒരു വിശ്വാസവും തീർച്ചയായും വിശ്വാസികളാൽ അനുകരിക്കപ്പെടുവാൻ യോഗ്യമാണ്.

ദൈവവചനം സ്വീകരിക്കുന്നവർ അനുകരിക്കേണ്ടതിന് സഭാംഗങ്ങൾക്കുവേണ്ടി ഒരു മാതൃകയായി പരിണമിക്കുന്ന നടപ്പ് ദൈവവചനം ശുശ്രൂഷിക്കുന്നവർക്ക് ഉണ്ടായിരിക്കണം. അപ്പോൾ സഭാംഗങ്ങൾ അവർ ശുശ്രൂഷിക്കുന്ന ദൈവവചനം സ്വീകരിക്കുമെന്നു മാത്രമല്ല, അവരുടെ നടപ്പിൽ പ്രകടമായ അവരുടെ വിശ്വാസത്തെ അനുകരിക്കുകയും ചെയ്യും. അവരുടെ നടപ്പ് അവരുടെ സകല ആവശ്യങ്ങൾക്കുംവേണ്ടി കർത്താവിൽ ആശ്രയിക്കുന്ന ഒരു ജീവിതമായിരിക്കണം. ലോകത്തിന്റെ നടപ്പിൽനിന്നും ഇത് എത്ര വ്യത്യസ്തമാണ്! ദൈവവചനം ശുശ്രൂഷിക്കുന്നവരുടെ നടപ്പിന്റെ ഫലം വിശ്വാസികൾ നോക്കുമ്പോൾ ദൈവത്തിലുള്ള അവരുടെ വിശ്വാസത്തെ അനുകരിക്കുവാൻ അവർ സ്വാധീനിക്കപ്പെടും.

## VII. നന്മ ചെയ്യുന്നത്

വാക്യം 16 പറയുന്നു, "എന്നാൽ നന്മ ചെയ്യുന്നതും മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതും മറക്കരുത്, ഇങ്ങനെയുള്ള യാഗങ്ങളിൽ ദൈവം പ്രസാദിക്കുന്നുവല്ലോ." ഈ വാക്യം നന്മ ചെയ്യുന്നതിനെക്കുറിച്ചു സംസാരിക്കുന്നു. ഇത് നന്മതിന്മകളുടെ നന്മയല്ല; ഇത് ദൈവത്തിന്റെ വ്യവസ്ഥയിലെ നന്മയാണ്. ദൈവത്തിനു സുപ്രസാദകരമായ ഒരു യാഗമായ നന്മ ദൈവത്തിന്റെ വ്യവസ്ഥപ്രകാരം ചെയ്യുന്നത് നമ്മുടെ ഉള്ളിലുള്ള ദൈവത്തിന്റെ പ്രവൃത്തിക്കനുസരിച്ചാണ് (എഫെ. 2:10; ഫിലി. 2:13), അതായത്, ജീവപ്രമാണം പ്രവർത്തിക്കുന്നതിനനുസരിച്ചാണ്. നാം പുറമെ നന്മ ചെയ്യുന്നത് ജീവപ്രമാണം ഉള്ളിൽ പ്രവർത്തിക്കുന്നതിനനുസരിച്ചായിരിക്കണം.

## VIII. മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നത്

മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിനെക്കുറിച്ചും വാക്യം 16 സംസാരിക്കുന്നു. ശരിയായ സഭാജീവിതത്തിന് ഇത് അനിവാര്യമാണ്. സഭയിൽ ബുദ്ധിമുട്ടിലായിരിക്കുന്ന ചില വിശുദ്ധന്മാരെ നന്നായി കരുതുന്നില്ലെങ്കിൽ അത് വാസ്തവമായും അനുചിതമാണ്. ഇത് അർഥമാക്കുന്നത് മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നത് ഇല്ലാതിരിക്കുകയോ അപര്യാപ്തമായിരിക്കുകയോ ചെയ്യുന്നു എന്നാണ്. മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതും ദൈവത്തിന് സുപ്രസാദമാകുന്ന ഒരു യാഗമാണ്. അതിന്റെ ഉദ്ദേശ്യം സമത്വത്തിനുവേണ്ടി ആവശ്യത്തിലിരിക്കുന്ന വിശുദ്ധന്മാർക്ക് സഹായം നല്കുക എന്നതാണ് (2 കൊരി. 8:14-15). ആവശ്യത്തെക്കാൾ കൂടുതലുള്ളവർ

ആവശ്യത്തിനില്ലാത്തവരുമായി പങ്കുവയ്ക്കണം. ആവശ്യത്തെക്കാൾ കൂടുതലുള്ളവർ ആവശ്യത്തിനില്ലാത്തവരുമായി പങ്കുവയ്ക്കുമ്പോൾ, നമ്മുടെ ഇടയിൽ സമത്വം ഉണ്ടാകും. ഇത് യിസ്രായേൽമക്കൾ മരുഭൂമിയിൽ മന്ന ശേഖരിച്ചതിനു തുല്യമാണ്. ആ നാളുകളിൽ, "അധികം പെറുക്കിയവന് അധികവും കുറച്ച് പെറുക്കിയവന് കുറവും ഉണ്ടായില്ല" (2 കൊരി. 8:15; പുറ. 16:18). തൽഫലമായി യിസ്രായേൽമക്കളുടെ ഇടയിൽ സമത്വം ഉണ്ടായിരുന്നു.

## IX. നയിക്കുന്നവരെ അനുസരിക്കുന്നതും അവർക്ക് കീഴ്പെടുന്നതും

വാക്യം 17 പറയുന്നു, "നിങ്ങളെ നയിക്കുന്നവരെ അനുസരിക്കുകയും അവർക്ക് കീഴ്പ്പെടുകയും ചെയ്യുവിൻ, അവർ കണക്കു ബോധിപ്പിക്കേണ്ടവരെന്ന നിലയിൽ നിങ്ങളുടെ ദേഹികളിന്മേൽ ജാഗരിക്കുന്നു, അത് അവർ ഞരക്കത്തോടെയല്ല സന്തോഷത്തോടെ ചെയ്യേണ്ടതിന് ഇടയാക്കുവിൻ; അല്ലാഞ്ഞാൽ അത് നിങ്ങൾക്ക് പ്രയോജനകരമാകില്ല." നമുക്ക് ദൈവാത്മാവ് ഉണ്ടായിരിക്കുന്നിടത്തോളം നാം എല്ലാവരും നയിക്കുന്നവരാണെന്നും നമ്മെ നയിക്കുവാൻ ആരുടെയും ആവശ്യമില്ലെന്നും ആത്മികരെന്നു വിളിക്കപ്പെടുന്ന നിരവധിപേർ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. നമ്മുടെ ഇടയിൽ നയിക്കുന്നവർ ഉണ്ടായിരിക്കുന്നത് തെറ്റാണെന്ന് അവർ പറയുന്നു. അവരെ സംബന്ധിച്ചിടത്തോളം, നയിക്കുന്നവർ ഉണ്ടായിരിക്കുകയെന്നാൽ അർഥമാക്കുന്നത് ഒരു അധികാരശ്രേണിയോടും ഒരു പോപ്പിനോടുംകൂടെയുള്ള ഒരു സംഘടന ഉണ്ടായിരിക്കുന്നതാണ്. ഈ വിഷയത്തിൽ നാം സന്തുലിതരായിരിക്കണം. കഴിഞ്ഞ അമ്പതു വർഷക്കാലത്തെ കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ദൈവത്തിന്റെ ഭവനത്തിലെ ക്രമം പാലിക്കേണ്ടതിന് സഭകൾക്കിടയിൽ ശരിയായി നയിക്കുന്നവർ എപ്പോഴും ഉണ്ടായിരുന്നു എന്നതിനായി ഞങ്ങൾ കർത്താവിന് നന്ദി പറയുന്നു.

എല്ലാ കുടുംബങ്ങളിലും മാതാപിതാക്കൾക്കു പുറമെ പ്രായമായ സഹോദരന്മാരും സഹോദരിമാരും ഉണ്ട്. ഒരു കുടുംബത്തിൽ ആറ് കുഞ്ഞുങ്ങൾ ഉണ്ടെന്നു സങ്കല്പിക്കുക. അവർക്കോരോരുത്തർക്കും സ്വതേതന്നെ അവനവന്റെ ക്രമം അറിയാം. പ്രായംകൂടിയ സഹോദരൻ സംസാരിക്കുമ്പോൾ മറ്റുള്ളവരെല്ലാം അവനെ ശ്രദ്ധിക്കുന്നു. എന്നാൽ മൂന്നാമത്തെ സഹോദരൻ ഒന്നാമന്റെ സ്ഥാനമെടുക്കുന്നുവെങ്കിൽ, മറ്റുള്ളവരെല്ലാം അവൻ പറയുന്നത് കേൾക്കുന്നത് നിരസിക്കും. ദൈവഭവനത്തിൽ നാം ശരിയായ ക്രമം കാത്തുകൊള്ളണമെങ്കിൽ നമുക്ക് നയിക്കുന്നവർ ഉണ്ടായിരിക്കുകയും, എല്ലാ വിശുദ്ധന്മാരും അവരെ അനുസരിക്കുകയും അവർക്ക് കീഴ്പെടുകയും വേണം. സഭയുടെ കെട്ടുപണിക്ക് ഇത് അനിവാര്യമാണ്.

എങ്കിലും, നേതൃത്വത്തിന്റെ ഈ വിഷയം അത്ര ഔദ്യോഗികമാക്കരുത്. ഉദാഹരണത്തിന്, "ഞാനാണ് ഒന്നാമത്തെ കുട്ടി. അതുകൊണ്ട് ഈ കുടുംബത്തിലെ മക്കളിൽ ഞാനാണ് നേതാവെന്ന് നിങ്ങളെല്ലാവരും മനസ്സിലാക്കണം. എനിക്ക് ഈ സ്ഥാനമുള്ളതിനാൽ ഞാൻ ദൈവത്തിന്റെ നിയുക്താധികാരിയാണ്" എന്ന് ഒരു കുടുംബത്തിലെ മൂത്ത കുട്ടി പറയേണ്ട ആവശ്യമില്ല. നിരവധി ക്രിസ്തീയ ഗ്രൂപ്പുകളിൽ നയിക്കുന്നവരായ ആളുകൾ സഹോദരൻ നീ എഴുതിയ "*ആത്മിക അധികാരം*" എന്ന പുസ്തകം വിനിയോഗിച്ചിട്ടുണ്ടെന്ന തിനായി ഞാൻ ഖേദിക്കുന്നു. "ഞാനാണ് ഇവിടത്തെ ആത്മിക അധികാരി. വാച്ച്മാൻ നീയുടെ പുസ്തകത്തിൽ എഴുതിയിരിക്കുന്ന തനുസരിച്ച് നിങ്ങളെല്ലാവരും ഞാൻ പറയുന്നതു കേൾക്കണം" എന്നു പറഞ്ഞുകൊണ്ട് അവർ ഈ പുസ്തകം തങ്ങളുടെ സാമ്രാജ്യം കെട്ടിപ്പടുക്കുവാൻ ഉപയോഗിച്ചു. കുറച്ചു കാലം മുമ്പ്, അനഹേമിലെ സഭ സന്ദർശിക്കുവാൻ ഒരു സ്ഥലത്തുനിന്നും മൂന്നു യുവാക്കൾ വന്നു. "നിങ്ങൾ മൂപ്പന്മാരാണോ? മൂപ്പന്മാ രായിരിക്കേണ്ടത് എങ്ങനെയെന്ന് നിങ്ങൾക്കറിയില്ല. ഞങ്ങൾ മൂപ്പന്മാരാണ്" എന്നു പറഞ്ഞുകൊണ്ട് അവർ ഇവിടെയുള്ള മൂപ്പന്മാരെ ശാസിച്ചു. അവരുടെ ഇരുപതുകളിലായിരുന്ന ഈ യുവാക്കൾ ഏതോ സ്വയംനിയമിതനായ രാജാവിനാൽ സ്ഥാപിക്കപ്പെട്ട കുട്ടിമൂപ്പന്മാരായിരുന്നു. അവർ യഥാർഥ മൂപ്പന്മാര ല്ലായിരുന്നു: അവർ അഭിനേതാക്കളായിരുന്നു.

ഒരു സഹോദരൻ വാസ്തവമായി ഒരു മൂപ്പനാണെങ്കിൽ, അത് എല്ലാവരും തിരിച്ചറിയും, എന്തെങ്കിലും അധികാരം ഉള്ളതായി അവൻ കാണിക്കേണ്ട ആവശ്യമില്ല. നിങ്ങളാണ് ഒരു കുടുംബത്തിലെ മൂത്ത കുട്ടിയെങ്കിൽ, മറ്റു മക്കളെല്ലാം അത് തിരിച്ചറിയുന്നു. അധികാരം ഏറ്റെടുത്തുകൊണ്ട് സ്വയമായി പ്രയോഗിക്കേണ്ട ആവശ്യമില്ല. പകരം, നിങ്ങളുടെ ഇളയ സഹോദരീ സഹോദരന്മാരെ സ്നേഹപൂർവം കരുതുക. അതുപോലെ, സഭകളിലെ മൂപ്പന്മാർ അധികാരം ഏറ്റെടുത്തുകൊട് അതിനെ പ്രയോഗിക്കാതെ വിശുദ്ധന്മാരെ സ്നേഹപൂർവം കരുതുക. മൂപ്പന്മാരേ, നിങ്ങളുടെ അധികാരത്തെ മറക്കുക. അവരുടെ വശത്ത്, വിശുദ്ധന്മാർ നിങ്ങളെ അനുസരിക്കുകയും അവരെത്തന്നെ നിങ്ങൾക്ക് കീഴ്പെടുത്തുകയും വേണം. എങ്കിലും നിങ്ങളുടെ വശത്ത്, നിങ്ങൾ അധികാരം ഏറ്റെടുക്കേണ്ട ആവശ്യമില്ല. അധികാരം ഏറ്റെടുക്കു ന്നതിനെക്കാൾ മ്ലേച്ഛമായി മറ്റൊന്നുമില്ല. മറ്റൊന്നും നടിക്കാതെ നാം എന്തായിരിക്കുന്നുവോ അതായിരിക്കുക. എന്നിരുന്നാലും, ദൈവഭവനത്തിലും ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിക്കു വേണ്ടിയും നമ്മുടെ ഇടയിൽ നമുക്ക് മനോഹരമായ ഒരു ക്രമം ഉണ്ടായിരിക്കണം.

## X. അപ്പൊസ്തലന്മാർക്കുവേണ്ടി പ്രാർഥിക്കുന്നത്

വാക്യം 18-ഉം 19-ഉം പറയുന്നു, "ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കുവിൻ, ഞങ്ങൾ സകലത്തിലും മാന്യമായി നടക്കുവാൻ ഇച്ഛിച്ചുകൊണ്ട്, ഞങ്ങൾക്ക് നല്ല മനസ്സാക്ഷി ഉണ്ടെന്ന് ഞങ്ങൾക്ക് ബോധ്യമായിരിക്കുന്നു. ഞാൻ നിങ്ങൾക്ക് വേഗത്തിൽ പുനഃസ്ഥാപിക്കപ്പെടേണ്ടതിന് ഇത് അത്യധികമായി ചെയ്യുവാൻ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു." അപ്പൊസ്തലന്മാർക്കുവേണ്ടി പ്രാർഥിക്കുന്നതും സഭാജീവിതത്തിന്റെ മറ്റൊരു വശമാണ്. അപ്പൊസ്തലന്മാർക്കുവേണ്ടി പ്രാർഥിക്കുന്നത് വ്യക്തിപരവും രഹസ്യവുമായ രീതിയിൽ പ്രാർഥിക്കുന്നതല്ല; അത് ശുശ്രൂഷയ്ക്കു വേണ്ടിയും ദൈവോദ്ദേശ്യം നിറവേറുന്നതിനായി കർത്താവിന്റെ നീക്കത്തിൽ പങ്കുചേരുന്നതിനു വേണ്ടിയും പ്രാർഥിക്കുന്നതാണ്. അനഹേമിലെ പ്രാർഥനായോഗങ്ങൾക്കുവേണ്ടി ഞാൻ ദൈവത്തിന് സ്തോത്രം ചെയ്യുന്നു. ഭൂമിയിലെ കർത്താവിന്റെ നീക്കത്തിനുവേണ്ടിയും ദൈവോദ്ദേശ്യത്തിന്റെ നിറവേറലിനുവേണ്ടിയും എല്ലാ ആഴ്ചയിലും ഞങ്ങൾ നല്ലൊരു നീണ്ട സമയം പ്രാർഥനയ്ക്കായി ചിലവിടുന്നു.

ഈ പത്തു നന്മകൾ നാം പരിഗണിക്കുമ്പോൾ, സഭാജീവിതത്തിന് അവയെല്ലാം അനിവാര്യമാണെന്നും, നമ്മുടെ ഇടയിൽ അഭ്യസിക്കപ്പെടേണ്ടതാണെന്നും നാം കാണുന്നു.